Y. M Shajikumar IFS
Divisional Forest Officer.
Punalur.

Office of the Divisional Forest Officer,
Punalur Forest Division
Punalur P.O, Kollam-691305
0475 – 2222621.
E-mail: dfo-pnlr.for@kerala.gov.in

No. PC1-70079/2026 Dated: 06.11.2026

To

The Additional Principal Chief Conservator of Forests (FMIS)
Thiruvananthapuram.

The Chief Conservator of Forests,
Southern Circle, Kollam

Sir,

Sub:- e Tender Notification for the execution of Vista clearance works in Punalur Forest Division during 2026-27 –reg.
Ref:- Nil

I am submitting herewith the copy of the e-tender notification dated 06.11.2026 for Vista clearance of either sides of road in different parts of Punnala Forest Station in Pathanapuram Range during 2026-27 for favour of information and necessary further action. Last date for submission of e-tender is fixed on **16.11.2026**. I humbly request that the notification may please be published in the website of Kerala Forest Department and other sources for wide publicity. The total PAC of the works is **Rs. 1.90** Lakhs

Yours faithfully,

Divisional Forest Officer.
Punalur.

Encl : Copies of notification

Copy to the Divisional Forest Officer, Thiruvananthapuram, Thenmala, Konni, Ranni, Achencovil, & Flying Squad, Punalur for information.

Copy to Range Officer Pathanapuram for information and giving wide publicity

കേരളാ വനം വകുപ്പ്
പുനലൂർ ഫോറസ്റ്റ് ഡിവിഷൻ

ഇ ദർഘാസ് പരസ്യം

പി.സി.1-70079/2026 **തീയതി : 06.11.2026**

പുനലൂർ ഡിവിഷനിലെ പത്തനാപുരം റെയിഞ്ചിൽ താഴെകൊടുത്തിട്ടുള്ള പട്ടികയിൽ പറയുന്ന ഫോറസ്ട്രി ജോലികൾ ചെയ്യുന്നതിന് വനം വകുപ്പിൽ GO (MS) 26/2017/വനം തീയതി 20.05.2017 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാകടർമാരിൽ നിന്നും കേരളാ ഗവർണ്ണർക്കുവേണ്ടി പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസുകൾ Online- ആയി ക്ഷണിക്കുന്നു.

ദർഘാസുകാരൻ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതുമായ എല്ലാ നിബന്ധനകളും PWD വ്യവസ്ഥകളും ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ടെൻഡർ ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system-ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല.

പട്ടിക

ക്രമ നം	ടെണ്ടർ നമ്പർ	ജോലയുടെ വിവരം	അടങ്കൽ ദർഘാസ് (രൂപ)	നിരത ദ്രവ്യം (രൂപ)	ദർഘാസ് ഫോറത്തിന്റെ വില (രൂപ)	പൂർത്തീകരണത്തിനുള്ള കാലാവധി (മാസം)
1	75/ 2026-27	**പത്തനാപുരം റെയിഞ്ചിലെ പുന്നല ഫോറസ്റ്റ് സ്റ്റേഷനിലെ വിവിധ ഏരിയാകളിൽ റോഡിന് ഇരുവശവുമുള്ള കുറ്റിക്കാടുകൾ നീക്കം ചെയ്യുന്ന ജോലി** **1. Karavoor- Sanyasikkon – 1.00 km** **2. Sanyasikkon- Perunthoyil – 1.1 km** **3. Perunthoyil- Iruthodu – 2.3 km** **4. Onthupara-Sanyasikkon – 1.00 km** **Total – 5.4 km**	190415.00	4760.00	555.00	എഗ്രിമെന്റ് തീയതി മുതൽ 30 ദിവസത്തിനകം

ദർഘാസ് പ്രമാണങ്ങളുടെ വില്പന	***www.etenders.kerala.gov.in*** എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്
ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും	06.11.2026 വൈകിട്ട് 6.00 മണി മുതൽ
ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	16.11.2026 വൈകുന്നേരം 5.00 മണി വരെ
ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, പുനലൂർ, 18.11.2026 രാവിലെ 11.30 മണിക്ക്
കരാറുകാരന്റെ ക്ലാസ്സ്	സി ക്ലാസ്സും അതിനു മുകളിലും
കരാർ കാലാവധി	എഗ്രിമെന്റ് വയ്ക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം

ദർഘാസിനോടൊപ്പം 200/- രൂപയുടെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടെൻഡർ ഡോക്കുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും ***അവയുടെ ഒറിജിനൽ ടെണ്ടർ തുറക്കുന്നതിനു മുൻപ് സ്പീഡ്പോസ്റ്റ്/രജിസ്റ്റേർഡ്പോസ്റ്റ് വഴി സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്.*** ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ, ***www.etenders.kerala.gov.in*** എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും, PWD ദർഘാസ് വ്യവസ്ഥകളും ഇ-ടെൻഡറിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദു ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു. വിജയിയാകുന്ന ദർഘാസുകാരൻ 200/- രൂപയുടെ മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പു തീയതി മുതൽ 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനമോ, 5,00,000/- രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തീയതി ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും, അതേ സ്ഥലത്തും ടെണ്ടർ നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും, പത്തനാപുരം റെയിഞ്ചാഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

നിബന്ധനകൾ

1. ദർഘാസ് ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ദർഘാസ് ഫാറത്തിന്റെ വില പണമായി ഒടുക്കുകയോ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേർക്കെടുത്ത ഡിമാന്റെ ഡ്രാഫ്റ്റായ് അയയ്ക്കുന്നവർക്ക് ടെണ്ടർ ഫോറം ലഭ്യമാകുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ദർഘാസ് ഫോറം വനം വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ദർഘാസ് ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ദർഘാസ് ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.

2. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

3. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

4. ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് പരിഗണിക്കുന്നതല്ല.

5 ദർഘാസ് സമർപ്പിക്കുന്ന ആൾ ദർഘാസിന്റെ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ദർഘാസ് പരസ്യത്തിൽ കാണിച്ചിട്ടുള്ള ജോലിയുടെ പേര് രേഖപ്പെടുത്തി പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അഡ്രസ്സ് ചെയ്ത് ദർഘാസ് നോട്ടീസിൽ പറയുന്ന സമയത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.ദർഘാസ് സമർപ്പിക്കേണ്ടതായ അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്ത് സ്വീകരിക്കുന്നതായിരിക്കും.

6 നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

7. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

8 ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

9. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടു ത്തുന്ന ആളോ ലേലദിവസം പകൽ 3.30-ന് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

10 സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

11. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ലേലക്കാരനെയും അനുവദിക്കുന്നതല്ല.

12. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്ന തുൾപ്പെടെയുള്ള റ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

13 വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% പരമാവധി 5,00,000/- (അഞ്ചു ലക്ഷം രൂപാ മാത്രം) രൂപ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

14 വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

15 ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

16 ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

17. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

18 ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ബാധ്യസ്ഥനാണ്.

19 ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ക്രോസ് ചെയ്ത ചെക്കായോ ഇ-പെയ്മെന്റ് ആയോ മാത്രമായിരിക്കും.

20. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് പ്രകാരം തുക മാറി നൽകുന്നതായിരിക്കും.

21. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെൻഡറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

22 ജി ഒ (എംഎസ്സ്) 26/2017 വനം വന്യജീവി വകുപ്പ് തീയതി 20.05.2017 എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972 ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.

23 ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ദർഘാസിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475 2222621), പത്തനാപുരം റെയിഞ്ചിൽ നിന്നോ (ഫോൺ 0475 2354848) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

പുനലൂർ
06.11.2026

വൈ.എം ഷാജികുമാർ ഐ.എഫ്.എസ്സ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരളാ ഗവർണക്കു വേണ്ടി)

GOVERNMENT OF KERALA
KERALA FOREST DEPARTMENT
PUNALUR DIVISION

PC1- 70079/2026 **Dated : 06.11.2026**

E-TENDER NOTICE

The Divisional Forest Officer, Punalur for and on behalf of the Governor of Kerala invites separate online e-tenders from registered eligible contractors/bidders having a valid and active registration with Kerala Forest Department in pursuance of G.O (Ms) No. 26/2017/ F&WLD dated 20.05.2017 for the execution of works noted in the schedule attached below. The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Government in future in connection with this tender. Tender documents and tender schedules may be downloaded free of cost from the e-GP website ***www.etenders.kerala.gov.in***. All bid/ tender documents are to be submitted online only and in the designation online cover(s)/envelope(s) on the ***www.etenders.kerala.gov.in*** website. Bids shall be accepted only through online mode ***www.etenders.kerala.gov.in*** website and tenders submitted manually/ through post will not be entertained. Late online bids will not be accepted.

The quantities mentioned in the table are approximate and on actual execution the quantity may vary. Online tenders/bids are be accompanied with a preliminary agreement executed in Kerala Stamp Papers worth Rs. 200/- Tenders/bids received online without the scanned copies of relevant documents, preliminary agreement will not be considered and shall be summarily rejected. Any further clarification on this tender can be had from NIC/the e-tender Help Desk number available in the **www.etenders.kerala.gov.in** and from the office of the Divisional Forest Officer, Punalur during working hours. The details regarding e-payment (Bidder's Bank Account Number where he/she is having core banking facility and e-mail ID) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers.

The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

The successful tenderer should execute an agreement in the prescribed format in a stamp paper worth Rs. 200/- within 15 days from the date of intimation of acceptance of the tender after furnishing security deposit equal to 5% of the tender amount or Rs. 5,00,000/- whichever is less. If the notified date of tender happens to be a holiday the tender will be conducted on the very next working day at the same place and time. Details of tender are furnished below in the schedule.

SCHEDULE

Sl. No	*Tender No*	*Name of Work*	*PAC (Rs)*	*EMD (Rs.)*	*Cost of tender form (Rs)*	*Period for completion (Months)*
1	**75/ 2026-27**	**Vista clearance of either sides of road in different parts of Punnala Forest Staton in Pathanapuram Range during 2026-27** **1. Karavoor- Sanyasikkon – 1.00 km** **2. Sanyasikkon- Perunthoyil – 1.1 km** **3. Perunthoyil- Iruthodu – 2.3 km** **4. Onthupara-Sanyasikkon – 1.00 km** **Total – 5.4 km**	190415.00	4760.00	555.00	30 days from the date of agreement.

The other details regarding this e- tender are as follows:

(1)	Sale of tender documents	:	Can be downloaded from the website *www.etenders.kerala.gov.in*
(2)	Classification of bidder	:	C class and above
(3)	Name of Division	:	Divisional Forest Office, Punalur
(4)	Period of completion of work	:	30 days from the date of agreement.
(5)	Date from which the tender will be available in website	:	06.11.2026, 18.00 hours
(6)	Last date of receipt of tender	:	16.11.2026, 17.00 hours
(7)	Date of opening of tender	:	18.11.2026, 11.30 hours

CONDITIONS

1. Tender form (Appendix 9) and other details (Not transferable) can be obtained from Divisional Forest Office (DFO) on payment of cash or by Demand Draft (DD) drawn in favour of Divisional Forest Officer payable on any Scheduled/Nationalized Bank towards cost of tender form. The cost of tender form will be fixed by Government from time to time. The application form can also be downloaded from the official website of Kerala Forest Department and if the forms are downloaded from the website the cost of tender documents should be attached as DD from a Nationalized/Scheduled Bank as mentioned above, along with Part I Tender. The cost of tender forms once paid is not refundable on any account, nor will the amount be adjusted towards cost of any other tender forms.
2. The tender form shall be used only by the person in whose name it is issued and for the work specified in the Schedule attached to the tender form.
3. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Divisional Forest Office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. No plea of ignorance of the agreement conditions or no complaint regarding the said conditions received after putting in the tender will be entertained.

4. Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.
5 The tenderer shall submit the filled up tender form together with all the pages intact in a sealed cover addressed to "The Divisional Forest Officer, Punalur Division " and superscribed "Tender for (Name of work – as specified in the first part of tender notice) so as to reach him in his office as specified in the first part of tender notice.
6 Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.
7 Each tender shall be accompanied by a demand draft of a Nationalized/Scheduled Bank as specified in the tender notice in favour of the Divisional Forest Officer, Punalur Division, as Earnest Money Deposit for the work.
8 All the corrections in the tender form shall be initialed by the tenderer himself.
9. The tenders received in due time will be opened by the Divisional Forest Officer or his deputy at his office at the time specified in the presence of the tenderers present on that occasion.
10 The lowest tender will ordinarily be accepted, but the authority competent to accept the tender reserves to himself the power of accepting or rejecting any tender without assigning any reason therefore.
11. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.
12. The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued by registered letter bearing the address mentioned in the tender. The successful tenderer, within Seven days of receipt of confirmation of his tender, shall have to execute an agreement in the prescribed form [Appendix 11] on a proper non-judicial stamp paper (worth Rs.200/-) to be supplied by him at his cost. If the Contractor fails to execute the agreement during the period, the tender will be cancelled, and the Ernest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Divisional Forest Officer, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.
13 The successful tenderer while signing the agreement shall furnish a security deposit for an amount equal to 5 per cent of the total Probable Amount of Contract, limited to a maximum of Rs. 5,00,000/- (Rupees five lakhs only). The security deposit will be released only after the successful completion of the contract work and after producing the Non Liability Certificate from the concerned officers.
14 The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.
15. The post-offers and representations sent, after receipt of the tender in respect of work shall at no account be considered.
16. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.
17 The quantities of work shown in the Schedule are approximate and it may vary on actual execution of work.
18. The area shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.
19 Payment in two installments will be made to the contractor on specific request and on submission of bill in the prescribed format provided the condition specified are achieved. Payment will be made through crossed cheques or e-payment only.

20 It shall be open to the Divisional Forest Officer to cancel/reduce the quantity of work to be executed in the attached schedule based on site conditions in each year and the Divisional Forest Officer`s decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

21. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department.

22 All provisions in GO (MS) 26/2017 F&WLD dated 20.05.2017 regarding tender system in Kerala Forest Department, Kerala Forest Act 1961 and Wildlife Protection Act 1972 will be applicable to the tenderer

23 All the taxes prevailing at the time of tender is applicable to this tender.

Further details can be available from Divisional Forest Office, Punalur (Telephone No. 0475 2222621) and in Pathanapuram Range (0475 2354848) on working days.

Punalur
06.11.2026

Y.M Shajikumar IFS
Divisional Forest Officer, Punalur
(For and on behalf of the Governor)